# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **2042**

**08.03.2018** ൽ മറുപടിക്ക്

**വ്യവസായ വകുപ്പിൽ ജെ.ഡി.സി. യോഗ്യത നേടിയവർക്ക് സ്ഥാനക്കയറ്റം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഇ.പി. ജയരാജൻ | | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) വ്യവസായ വകുപ്പിലെ സീനിയർ ക്ലാർക്ക്/ യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാരെ സീനിയോറിറ്റിയുടെയും അപേക്ഷയുടെയും അടിസ്ഥാനത്തിൽ സർക്കാർ ചെലവിൽ സഹകരണ ജൂനിയർ ഡിപ്ലോമാ കോഴ്സിന് അയയ്ക്കുകയും അവർക്ക് ജൂനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുകയും ചെയ്യുന്ന സ്പെഷ്യൽ റൂൾ നിലവിൽ വന്നതെപ്പോഴാണ്; | (എ) | വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് 17.02.2001 ന് പുറപ്പെടുവിച്ച G.O(P)30/2001/ID നമ്പർ സ്പെഷ്യൽ റൂളിൽ ജൂനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള നിയമനരീതി, യോഗ്യത എന്നിവയെ കുറിച്ച് മാത്രമാണ് പ്രതിപാദിച്ചിട്ടുള്ളത്. എന്നാൽ വ്യവസായ വകുപ്പിലെ സീനിയർ ക്ലാർക്ക് / യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാരെ സർക്കാർ ചെലവിൽ ജൂനിയർ ഡിപ്ലോമ കോഴ്സിന് അയയ്ക്കുന്നത് സംബന്ധിച്ച് സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിട്ടില്ല. |
| (ബി) 2001 – ലെ കേരളാ ഇൻഡസ്ട്രീസ് സബോർഡിനേറ്റ് സർവീസ് റൂൾസ് ന്റെ അടിസ്ഥാനത്തിൽ ഏത് അനുപാതത്തിലാണ് ഇത്തരത്തിൽ ജെ.ഡി.സി. യോഗ്യത നേടിയവർക്ക് സ്ഥാനക്കയറ്റം നൽകി വരുന്നത്; | (ബി) | 2001 ലെ കേരള ഇൻഡസ്ട്രീസ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക്, യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഉള്ള ജീവനക്കാർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ 6:1 അനുപാതത്തിൽ ആണ് സ്ഥാനക്കയറ്റം നൽകി വരുന്നത്. |
| (സി) ഇത്തരത്തിൽ സർക്കാർ ചെലവിൽ ജെ.ഡി.സി. കോഴ്സിനുപോയ എല്ലാ ജീവനക്കാർക്കും മേൽ സൂചിപ്പിച്ച അനുപാതത്തിൽ ഉദ്യോഗക്കയറ്റം നൽകുവാൻ വ്യവസായ വകുപ്പിന് കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | സീനിയർ ക്ലാർക്ക്, യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ 6:1 അനുപാതത്തിൽ ഒഴിവ് വരുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകി വരുന്നുണ്ട്. |
| (ഡി) സർക്കാർ ചെലവിൽ ജെ.ഡി.സി. കോഴ്സിന് പോയ ജീവനക്കാർ ആരെങ്കിലും ഇൻഡസ്ട്രീസ് സബോർഡിനേറ്റ് സർവീസിൽ ജൂനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നേടാതെ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസ് ഓപ്റ്റ് ചെയ്താൽ അവരുടെ പക്കൽ നിന്നും ജെ.ഡി.സി. കോഴ്സിനു പോയ കാലയളവിലെ ശമ്പളം അടക്കമുള്ള ചെലവുകൾ തിരികെ പിടിക്കുമെന്ന് നിഷ്കർഷിക്കുന്ന സർക്കാർ ഉത്തരവുകളോ | (ഡി) | സർക്കാർ ചെലവിൽ സഹകരണ പരിശീലനം നേടിയ ജീവനക്കാരുടെ പരിശീലന കാലയളവിലെ ശമ്പളം അടക്കമുള്ള ചെലവുകൾ തിരികെ പിടിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുകളോ സർക്കാർ സർക്കുലറുകളോ 13.12.2017 ന് മുൻപ് നിലവിൽ ഇല്ല.<br><br>എന്നാൽ 23.04.2015 ന് വ്യവസായ വാണിജ്യ ഡയറക്ടർ പുറപ്പെടുവിച്ച ഇസി1/23163/2013 നമ്പർ പരിപത്രത്തിൽ സർക്കാർ ചെലവിൽ ജെ.ഡി.സി പരിശീലനം |

| | | | |
|---|---|---|---|
| | സർക്കുലറുകളോ 13.12.2017 ന് മുൻപ് നിലവിലുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | | നേടുന്ന ജീവനക്കാർക്ക് കേരള ഇൻഡസ്ട്രീസ് സബോർഡിനേറ്റ് സർവ്വീസിൽ വരുന്ന സ്ഥാനക്കയറ്റം മാത്രമേ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ എന്നും അല്ലാത്ത പക്ഷം പരിശീലന കാലയളവിൽ കൈപ്പറ്റിയ ശമ്പളം തിരിച്ചടയ്ക്കേണ്ടതാണെന്നും നിഷ്കർച്ചിട്ടുണ്ട്. മേൽ സർക്കുലർ തീയതിയ്ക്ക് ശേഷം 2015-16 അദ്ധ്യായന വർഷം മുതൽ സഹകരണ പരിശീലന പരിപാടിയിൽ പങ്കെടുത്ത ജീവനക്കാർ ഇപ്രകാരം ബോണ്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | വ്യവസായ വകുപ്പ് ജീവനക്കാർക്കാകെ നിയമപ്രകാരം ലഭിച്ചിരുന്ന സർക്കാർ ചെലവിലുള്ള ജെ.ഡി.സി. പരിശീലനം നിഷേധിക്കുകയും അതുവഴി അവർക്കു ലഭിച്ചിരുന്ന ഉദ്യോഗക്കയറ്റം നിഷേധിക്കുവാനും ഇടയാക്കിയ 13.12.2017 ലെ സ.ഉ(കൈ) നമ്പർ 119/2017/വ്യവ ഉത്തരവ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ജീവനക്കാരുടെ സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ; | (ഇ) | ഉണ്ട്. |
| (എഫ്) | ഫിഷറീസ് വകുപ്പ്, ക്ഷീര വികസന വകുപ്പ്, സഹകരണ വകുപ്പ് എന്നീ വകുപ്പുകളിൽ സമാന തസ്തികയിലുള്ള ജീവനക്കാർക്ക് സർക്കാർ ചെലവിൽ ജെ.ഡി.സി പരിശീലനം ലഭിക്കുകയും അതുവഴി ക്രമപ്രകാരം ഉദ്യോഗക്കയറ്റം ലഭിക്കുകയും ചെയ്യുമ്പോൾ വ്യവസായ വകുപ്പിൽ വർഷങ്ങളായി ജീവനക്കാർക്ക് ലഭിച്ചിരുന്ന ആനുകൂല്യമാണ് നിഷേധിക്കപ്പെട്ടിരിക്കുന്നത് എന്ന ജീവനക്കാരുടെ സംഘടനകളുടെ നിവേദനം പരിശോധിച്ച് കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ? | (എഫ്) | നിവേദനത്തിലെ ആവശ്യം സർക്കാർ പരിശോധിച്ച് വരികയാണ്. |

Manjith

**സെക്ഷൻ ഓഫീസർ**